ആലപ്പുഴ ജില്ലയിലെ കുടിവെള്ള പദ്ധതികൾ

132 (1860) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ദർഘാസുകൾ ക്ഷണിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ ;

(സി) ദർഘാസുകൾ അംഗീകരിച്ചെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ; പദ്ധതിയുടെ റിവൈസ്ഡ് ഭരണാനുമതിക്ക് അംഗീകാരം നൽകിയോ ;

(ഡി) ഓരോ ദർഘാസുകളും ക്ഷണിച്ച തീയതികൾ ; മുനിസിപ്പാലിറ്റി അംഗീകരിച്ച തീയതി ; കെ.എസ്.യു.ഡി.പി-ക്ക് സമർപ്പിച്ച തീയതി ; എംപവേർഡ് കമ്മിറ്റി അംഗീകരിച്ച തീയതി എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലാണോ നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ മുനിസിപ്പാലിറ്റിക്കും സമീപ 8 പഞ്ചായത്തുകൾക്കും വേണ്ടി നടപ്പിലാക്കുന്ന പദ്ധതി യു.ഐ.ഡി.എസ്.എസ്.എം.ടി.-യിലും എൻ.ആർ.ഡി.ഡബ്ല്യൂ.പി.യിലും ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നത്. ഈ പദ്ധതി 18 പാക്കേജുകളാക്കി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശുദ്ധജല വിതരണ ശാലയുടെ പ്രവർത്തികൾ പൂർത്തിയായി വരുന്നു. കൂടാതെ പുറക്കാട് പഞ്ചായത്തിലെ പ്രധാന പൈപ്പിടുന്ന ജോലിയും പുരോഗമിക്കുന്നു. യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റുഘടകങ്ങളുടെ ദർഘാസുകൾ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനായി മുനിസിപ്പാലിറ്റി വഴി നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി.യിൽ സമർപ്പിച്ചിട്ടുണ്ട്. എൻ.ആർ.ഡി.ഡബ്ല്യൂ.പി.-യിൽ ഉൾപ്പെട്ടിട്ടുള്ള മറ്റുഘടകങ്ങളുടെ ദർഘാസുകൾക്ക് കേരള ജല അതോറിറ്റി ബോർഡിന്റെ അംഗീകാരം ലഭിക്കുകയും ഇവയുടെ വർക്ക് ഓർഡർ യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയിൽ ഉൾപ്പെട്ട ഘടകങ്ങൾക്ക് സർക്കാർ അംഗീകാരം ലഭിച്ചതിനുശേഷം നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ദർഘാസുകളിൽ ജല ശുദ്ധീകരണശാലയുടെയും പുറക്കാട് പഞ്ചായത്തിലെ പൈപ്പുലൈനിന്റേയും ദർഘാസുകൾ അംഗീകരിച്ചു. പദ്ധതിയുടെ റിവൈസ്ഡ് ഭരണാനുമതിക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ദർഘാസുകൾ ക്ഷണിച്ച തീയതി

കിണറും പമ്പുഹൗസും 12-8-2009 (പുനർ ദർഘാസ്)

ജല ശുദ്ധീകരണശാല 11-3-2008

റോ വാട്ടർ പമ്പിംഗ് മെയിൻ 16-2-2009 (പുനർ ദർഘാസ്)

ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ

പാക്കേജ് എ 16-2-2009 (പുനർ ദർഘാസ്)

പാക്കേജ് ബി 22-6-2009

പാക്കേജ് സി 20-2-2009

പാക്കേജ് ഡി 20-2-2009

പാക്കേജ് ഇ 23-7-2009

ദർഘാസുകൾ മുനിസിപ്പാലിറ്റി അംഗീകരിച്ചത്

കിണറും പമ്പുഹൗസും 15-12-2009

റോ വാട്ടർ പമ്പിംഗ് മെയിൻ 6-7-2010

ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എ മുതൽ ഇ വരെ 15-12-2009

ദർഘാസുകൾ കെ.എസ്.യു.ഡി.പി.യ്ക്ക് നൽകിയത്.

കിണറും പമ്പുഹൗസും 21-12-2009

റോ വാട്ടർ പമ്പിംഗ് മെയിൻ 9-7-2010

ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എ മുതൽ ഇ വരെ 21-12-2009

എംപവേർഡ് കമ്മിറ്റി അംഗീകരിച്ചത്

ജലശുദ്ധീകരണശാല 16-12-2009

(ഇ) പ്രസ്തുത പദ്ധതിയുടെ വേഗത്തിലുള്ള നടത്തിപ്പിനായി കേരള ജല അതോറിറ്റിയുടെ ആലപ്പുഴ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ ശുപാർശയോടു കൂടി നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി.യിൽ സമർപ്പിച്ച് എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്.

പാലക്കാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ കുടിവെള്ളപദ്ധതികൾ

133 (1861) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly